LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമപെൻഷനുകളിലെ കടിശ്ശിക

322 (T 1696) ഡോ. റ്റി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ക്ഷേമപെൻഷനുകൾ കടിശ്ശിക ആയിട്ടുണ്ടോ ; എത്രമാസത്തെ , എന്ന് മുതലുള്ള ക്ഷേമപെൻഷനുകളാണ് കടിശ്ശികയായിട്ടുള്ളത് ;

(ബി) ക്ഷേമപെൻഷനുകൾ നൽകുന്നതിന് തന്നാണ്ടിൽ ആകെ എത്ര തുക ആവശ്യമായിരുന്നു ; ഇതിനായി ബഡ്ജറ്റ് വിഹിതം എത്രയായിരുന്നുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ക്ഷേമപെൻഷനുകൾ അതത് മാസം നൽകാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കടിശ്ശികയായിട്ടുണ്ട്.

ക്രമ നമ്പർ	ക്ഷേമപെൻഷനുകൾ	കടിശ്ശിക
1	വാർദ്ധക്യകാല പെൻഷൻ	സെപ്റ്റംബർ 2014 മുതൽ (8 മാസം)
2	വികലാംഗ പെൻഷൻ	സെപ്റ്റംബർ 2014 മുതൽ (8 മാസം)
3	വിധവാപെൻഷൻ	സെപ്റ്റംബർ 2014 മുതൽ (8 മാസം)
4	50 വയസ്സിന് മുകളിൽപ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	സെപ്റ്റംബർ 2014 മുതൽ (8 മാസം)
5	കർഷകത്തൊഴിലാളി പെൻഷൻ	ജൂലൈ 2014 മുതൽ (10 മാസം)

(ബി) 2015-16 സാമ്പത്തിക വർഷം 28.9 ലക്ഷം ഗുണഭോക്താക്കൾക്കായി 2400 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ബജറ്റ് വിഹിതം

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അനുബന്ധമായി ചേർത്തിട്ടുണ്ട്.* 2015-16 സാമ്പത്തിക വർഷം ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ക്ഷേമപെൻഷനുകൾ	ചെലവഴിച്ച തുക
1	വാർദ്ധക്യകാല പെൻഷൻ	85859352
2	വികലാംഗ പെൻഷൻ	27563360
3	വിധവാപെൻഷൻ	90416864
4	50 വയസ്സിന് മുകളിൽപ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	3446416
5	കർഷകത്തൊഴിലാളി പെൻഷൻ	29878752
	ആകെ	237164744

(സി) കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനാഥാലയങ്ങൾക്കുള്ള സർക്കാർ ഗ്രാന്റ്

323 (1697) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അനാഥാലയങ്ങൾക്ക് സർക്കാർ നൽകിവരുന്ന ഗ്രാന്റുകളുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇവയിൽ ഏതെല്ലാം ഗ്രാന്റുകളുടെ വിതരണത്തിലാണ് കുടിശ്ശികയുള്ളത് എന്നറിയിക്കാമോ ?

ഉത്തരം

(എ) അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റ് 1-4-2014 മുതൽ ഒരു അന്തേവാസിക്ക് പ്രതിമാസം 800/- രൂപ നിരക്കിലും 1-1-2015 മുതൽ പ്രതിമാസം 1000 രൂപ നിരക്കിലുമാണ് നൽകുന്നത്.

(ബി) അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, യാചകമന്ദിരങ്ങൾ, വികലാംഗ ഭവനങ്ങൾ എന്നീ സ്ഥാപനങ്ങളിലെ ഗ്രാന്റുകളുടെ വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly